## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2016 12.02.2013 - ൽ മറുപടിക്ക്**

## പൂവാറിൽ രാജ്യാന്തര കപ്പൽ നിർമ്മാണ കേന്ദ്രം സ്ഥാപിക്കാൻ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി.ശിവൻകുട്ടി : | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) നിർദ്ദിഷ്ട രാജ്യാന്തര കപ്പൽ നിർമ്മാണ കേന്ദ്രം തിരുവനന്തപുരം ജില്ലയിലെ പൂവാറിൽ സ്ഥാപിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; | (എ) യും (ബി) യും (സി) യും | സംസ്ഥാനത്തെ രണ്ടാമത്തെ കപ്പൽ നിർമ്മാണശാല സ്ഥാപിക്കുന്നതിനു വേണ്ടി സാദ്ധ്യതാ പഠനം നടത്തുന്നതിനായി കൊച്ചിൻ ഷിപ്പ് യാർഡിനെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത പഠന റിപ്പോർട്ട് പ്രകാരം പൂവ്വാർ ഒരു വെറും ഷിപ്പ് യാർഡ് മാത്രമായി വികസിപ്പിച്ചാൽ പുലിമുട്ട്, റെയിൽ/റോഡ് എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലേയ്ക്കായി വളരെയധികം പ്രാരംഭ ചെലവുകൾ വേണ്ടിവരും എന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (ബി) എങ്കിൽ, ആയത് എന്താണെന്നു വിശദമാക്കുമോ; | | |
| (സി) ഇല്ലെങ്കിൽ പ്രസ്തുത കപ്പൽ നിർമ്മാണ കേന്ദ്രം പൂവാറിൽ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുരോഗതി വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ